# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 122 | 23.01.2018 ൽ മറുപടിക്ക്

**പൂന്തുറ പോലീസ് സ്റ്റേഷൻ എസ്.ഐ.യ്ക്കെതിരെ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.വി.ഇബ്രാഹിം | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) 2017 നവംബർ മാസം തിരുവനന്തപുരത്ത് പൂന്തുറ പോലീസ് സ്റ്റേഷൻ പരിസരത്ത് ഏറെ രോഗബാധയുള്ള ഷംനാദ് എന്ന യുവാവിനെ സ്ഥലം എസ്.ഐ. ക്രൂരമായി മർദ്ദിച്ചവശനാക്കി എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ചില മാഫിയ സഹായത്തിന്റെ ധാർഷ്ട്യത്തിൽ ടിയാനെ മർദ്ദിച്ചപ്പോൾ അയാൾ ബോധരഹിതനായി വീഴകയുണ്ടായോ; | (ബി) പൂന്തുറ പോലീസ് സ്റ്റേഷനിൽ ഷംനാദ് എന്നയാൾ തന്റെ മൊബൈൽ ഫോൺ ടിയാന്റെ കൊച്ചാപ്പ കേടാക്കി എന്ന പരാതിയുമായി സ്റ്റേഷനിലെത്തുകയും തുടർന്ന് എസ്.ഐ. ഇരുകക്ഷികളെയും വിളിപ്പിച്ച് പരാതിസംഗതിയെക്കുറിച്ച് സംസാരിക്കവേ ഇദ്ദേഹം പരസ്പരവിരുദ്ധമായി സംസാരിക്കുകയും ആയതിനാൽ എസ്.ഐ ഇദ്ദേഹത്തോട് പുറത്തിറങ്ങി നിൽക്കാൻ ആവശ്യപ്പെടുകയും പുറത്തിറങ്ങിയ ഷംനാദ്, പുറത്തിറങ്ങി നിൽക്കാൻ ആവശ്യപ്പെട്ടതിലുള്ള വിഷമത്താൽ, അപസ്മാരത്തിന്റെ ചികിത്സ 16 വയസ്സുമുതൽ നടത്തിവരുന്ന ഷംനാദ് ആയതിന്റെ കാഠിന്യത്താൽ അപസ്മാര ലക്ഷണങ്ങൾ പ്രകടിപ്പിക്കുകയും തുടർന്ന് പോലീസ് പാർട്ടി പ്രാഥമിക ചികിത്സ നൽകിയശേഷം സ്റ്റേഷൻ ജീപ്പിൽ ഹോസ്പിറ്റലിൽ കൊണ്ടുപോവുകയും ബ്ലഡ് ഷുഗർ കൂടി അപസ്മാരം ഉണ്ടായതാണെന്ന് ഡോക്ടർ പറയുകയും രണ്ട് മണിക്കൂറോളം ഒബ്സർവേഷൻ മുറിയിൽ കിടത്തിയശേഷം വീട്ടിലേക്ക് വിട്ടയച്ചിട്ടുള്ളതുമാണ്. |
| (സി) മർദ്ദനമേറ്റ വ്യക്തിയുടെ ഭാര്യ ഇത സംബന്ധമായി സ്റ്റേഷനിൽ എന്തെങ്കിലും പരാതി നൽകിയിരുന്നോ; | (സി) ഷംനാദിന്റെ ഭാര്യ പൂന്തുറ പോലീസ് സർക്കിൾ ഇൻസ്പെക്ടർക്ക്, എസ്.ഐ ക്കെതിരെ പരാതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (ഡി) & (ഇ) | പ്രസ്തുത പരാതി സംബന്ധിച്ച് സർക്കിൾ ഇൻസ്പെക്ടർ നടത്തിയ അന്വേഷണത്തിൽ പരാതിക്കാസ്പദമായ സംഭവം നടന്നിട്ടില്ല എന്ന് വെളിവായിട്ടുള്ളതിനാൽ മറ്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ലാത്തതാകുന്നു. |
| (ഇ) | ടിയാനെ മർദ്ദിച്ച എസ്.ഐ.യ്ക്കെതിരെ എന്തെങ്കിലും തരത്തിലുള്ള അന്വേഷണത്തിന് ഗവൺമെന്റ് നിർദ്ദേശം നൽകിയിരുന്നോ; വിശദ വിവരം നൽകുമോ? | | |

സെക്ഷൻ ഓഫീസർ.